സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC:20/2020/S

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
// /06/2020

സർക്കുലർ

വിഷയം:- **2020-2021**-ലെ മാവേലിക്കര ഗ്രൂപ്പ്-ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച്.

സൂചന:- ഈ ആഫീസിലെ**15.02.2020**-ലെ **ROC 03/2020/S** നമ്പർ സർക്കുലർ ഉത്തരവ്.

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വത്തിലെ **2019-2020** കാലയളവിലെ മേൽശാന്തി നിയമനം **(പുറപ്പെടാശാന്തി)** നടത്തുന്നതിലേയ്ക്ക് ഡിപ്പാർട്ടുമെന്റിന്റെ വിവിധ ദേവസ്വങ്ങളിൽ ജോലി നോക്കുന്ന ശാന്തിക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

ചെട്ടികുളങ്ങര ദേവസ്വത്തിലെ നിലവിലുള്ള മേൽശാന്തിയുടെ സേവന കാലാവധി **31.08.2020**-ൽ അവസാനിക്കുകയാണ്. ആകയാൽ അടുത്ത ഒരു വർഷത്തേയ്ക്ക് **(01.09.2020** മുതൽ **31.08.2021** വരെ) ടി ദേവസ്വത്തിൽ മേൽശാന്തി ആയി നിയമിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ദേവസ്വങ്ങളിൽ ജോലി നോക്കി വരുന്ന ശാന്തിക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച്, ലിസ്റ്റ് തയ്യാറാക്കി കൂടികാഴ്ച നടത്തി യോഗ്യരായവരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

അപേക്ഷകർ **01.08.2020**-ൽ **35** വയസ്സ് പൂർത്തിയായവരും, ഫുൾടൈം ശാന്തിയായി പത്ത് വർഷം പൂർത്തിയായിട്ടുള്ളവരും ഡിപ്പാർട്ടുമെന്റിൽ നിന്നും യാതൊരുവിധമായ ശിക്ഷണ നടപടികൾക്കും വിധേയരാകാത്തവരും മേൽശാന്തി ആകുവാൻ താൽപര്യം ഉള്ളവരും ആയിരിക്കണം. അപേക്ഷകർ സ്വഭാവ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ വ്യക്തമായ അഭിപ്രായവും സഹിതം **20-06-2020**-ന് മുമ്പായി നിശ്ചിത ഫാറത്തിലുള്ള അപേക്ഷകൾ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

അപൂർണ്ണവും,ന്യൂനതകൾ ഉള്ളതുമായ അപേക്ഷകൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നിരസിക്കേണ്ടതും, അപ്രകാരമുള്ള അപേക്ഷകൾ ഈ ആഫീസിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുവാൻ പാടില്ലാത്തതുമാണ്.

നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നുള്ള വിവരം എല്ലാ അസ്സിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടേയും ശ്രദ്ധയിൽ പെടുത്തുന്നു. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർത്തിട്ടുള്ളതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്-

1. സെക്രട്ടറി,തിരുവിതാകൂർ ദേവസ്വം ബോർഡ് ,ആമുഖ കത്ത് സഹിതം
2. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. ഇ.ഡി.പി സെക്ഷൻ ദേവസ്വം ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫെയർ ആഫീസ് കോപ്പി

RA 10

സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്,തിരുവനന്തപുരം-695003

ROC NO: 20/20/S

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി (പുറപ്പെടാശാന്തി) നിയമനത്തിനുള്ള അപേക്ഷാഫോറം

1.	അപേക്ഷകന്റെ പേരും, പൂർണ്ണമായ മേൽ വിലാസവും,ഫോൺ നമ്പരും.	
2.	ജനനതീയതി.വയസ്സ്	
3.	ഇപ്പോൾ ജോലി നോക്കി വരുന്ന ദേവസ്വവും, ഗ്രൂപ്പും(ഏതു തീയതി മുതൽ എന്ന് വ്യക്തമാക്കുക)	
4.	സർവ്വീസിൽ പ്രവേശിച്ച തീയതി	
5.	ഫുൾ ടൈം സർവ്വീസിൽ പ്രവേശിച്ച തീയതി	
6.	ആകെ ഫുൾ ടൈം സർവ്വീസ്.(വിശദ വിവരം പ്രത്യേകം ഷീറ്റിൽ ഉൾപ്പെടുത്തണം)	
7.	സേവനകാലത്ത് എപ്പോഴെങ്കിലും ശിക്ഷണ നടപടിയ്ക്ക് വിധേയനായിട്ടുണ്ടോ? (ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ :പ്രത്യേക ഷീറ്റിൽ)	

അപേക്ഷകന്റെ പ്രതിജ്ഞ

ഞാൻ.....മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനത്തിനായി മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സത്യമാണ് എന്നും, തെരെഞ്ഞെടുക്കുകയാണെങ്കിൽ പുറപ്പെടാശാന്തിയായും ക്ഷേത്ര മര്യാദകളും, ആചാരങ്ങളും പൂർണ്ണമായും പാലിക്കുന്നതാണ് എന്നും, ബഹുമാനപ്പെട്ട ക്ഷേത്രം തന്ത്രി നൽകുന്ന ഉപദേശങ്ങൾ വീഴ്ച കൂടാതെ പ്രസ്തുത ക്ഷേത്രത്തിലെ സേനവകാലം മുഴുവൻ പാലിച്ചുകൊള്ളാമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

തീയതി: ഒപ്പ്:

പേര്:

മേൽ സംഗതികൾ സർവ്വീസ് ബുക്ക് പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അഭിപ്രായവും തീയതി സഹിതമുള്ള ഒപ്പും.സീലും

സ്ഥലം: ഒപ്പ് :

തീയതി: അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

ഗ്രൂപ്പ്

RA